പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ *67

14.01.2021 -ലെ മറുപടിയ്ക്ക്

## ലോക്ഡൗൺ കാലയളവിൽ തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ആർ. സുനിൽ കുമാർ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. എൽദോ എബ്രഹാം : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) കോവിഡ് മഹാമാരിയെത്തുടർന്നുള്ള ലോക്ഡൗൺ കാലയളവിൽ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>ബി) ലോക്ഡൗൺ കാലയളവിലും തുടർന്നും തൊഴിൽ നഷ്ടമായ തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതിന് തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;<br><br>സി) ഈ കാലയളവിൽ ഏറ്റവും പ്രയാസം അനുഭവിച്ച വിഭാഗമായ ഇതരസംസ്ഥാനത്തൊഴിലാളികളുടെ ഭക്ഷണത്തിനും താമസത്തിനും എന്തൊക്കെ ക്രമീകരണങ്ങൾ നടത്തിയെന്നറിയിക്കുമോ; | (എ) യും (ബി) യും (സി) യും കോവിഡ്-19 -ന്റെ പശ്ചാത്തലത്തിൽ ക്ഷേമനിധി ബോർഡുകളിലെ തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി 362,38,97,840/- രൂപ ( മുന്നൂറ്റി അറുപത്തി രണ്ട് കോടി മുപ്പത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി എണ്ണൂറ്റി നാൽപ്പത് രൂപ മാത്രം) സർക്കാർ അനുവദിച്ചിട്ടുണ്ട്. 1849789 തൊഴിലാളികൾക്കായി 187,22,66,000/- ( നൂറ്റി എൺപത്തി ഏഴ് കോടി ഇരുപത്തി രണ്ട് ലക്ഷത്തി അറുപത്തിആറായിരം രൂപ മാത്രം) രൂപ കോവിഡ്-19 ധനസഹായയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സാമ്പത്തിക ഭദ്രതയുള്ള ബോർഡുകൾ തനത് ഫണ്ടിൽ നിന്നും 993964 തൊഴിലാളികൾക്കായി 156,80,76,050/- (നൂറ്റി അൻപത്തി ആറ് കോടി എൺപത് ലക്ഷത്തി എഴുപത്തി ആറായിരത്തി അൻപത് രൂപ മാത്രം) രൂപയും വിതരണം ചെയ്തിട്ടുണ്ട്.<br><br>പൂട്ടിക്കിടക്കുന്ന സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങൾ/കയർ സൊസൈറ്റികൾ/തോട്ടങ്ങൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്കായി സർക്കാർ എല്ലാ വർഷവും നൽകിവരുന്ന എക്സ്ഗ്രേഷ്യാ വിതരണത്തിനു പുറമെ 2019-20 സാമ്പത്തികവർഷം 100 ക്വിന്റലിന് താഴെ കയർ പിരിച്ച തീരദേശ മേഖലയിലെ കയർ സംഘങ്ങളിലെ തൊഴിലാളികൾക്കായി എക്സ്ഗ്രേഷ്യ/ഫെസ്റ്റിവൽ അലവൻസ് 2000/- രൂപ നിരക്കിൽ നൽകുന്നതിനായി 2020-21 സാമ്പത്തികവർഷം 1899 തൊഴിലാളികൾക്ക് 37,98,000/- രൂപ സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്. |

കോവിഡ്-19 ഭീതി വിതച്ച ആദ്യ നാളുകളിൽ സംസ്ഥാനത്തെ തൊഴിലുടമകളും, തൊഴിലാളികളും പാലിക്കേണ്ട വ്യവസ്ഥ സംബന്ധിച്ച് ലേബർ കമ്മീഷണർ പുറപ്പെടുവിച്ച സർക്കുലറിൽ സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഇവരുടെ താമസം, ഭക്ഷണം എന്നിവയുള്ള ക്രമീകരണം ഒരുക്കുന്നതിന് തൊഴിലുടമകൾക്കും കോൺട്രാക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് രാജ്യം സമ്പൂർണ്ണ അടച്ചിടലിലേയ്ക്ക് നീങ്ങിയപ്പോൾ തൊഴിൽ നഷ്ടപ്പെടുകയും ക്രയവിക്രയത്തിന് മതിയായ പണലഭ്യത ഇല്ലാതെയുമായ സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളികളുടെ സാഹചര്യം സർക്കാർ വിലയിരുത്തിക്കൊണ്ട് ഇത്തരം തൊഴിലാളികളോട് പുലർത്തിവരുന്ന കരുതലിന്റെ ഫലമായി ഇവരുടെ സുരക്ഷയും ക്ഷേമവും ഉറപ്പ് വരുത്തുന്നതിനായി പ്രത്യേക ശ്രദ്ധയും ജാഗ്രതയും കൈക്കൊള്ളുകയും കോവിഡ് -19 പ്രോട്ടോകോളിനനുസൃതമായി ഇതരസംസ്ഥാന തൊഴിലാളികൾക്ക് താമസസൗകര്യവും, ഭക്ഷണവും ലഭ്യമാക്കുന്നതിനുമുള്ള തീരുമാനം സർക്കാർ സ്വീകരിച്ചു.

ഡി) ഇതരസംസ്ഥാനത്തൊഴിലാളികൾ രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ യാതനകൾ അനുഭവിച്ചപ്പോൾ അതിൽ നിന്ന് വിഭിന്നമായി അവരുടെ നാട്ടിലേക്കുള്ള തിരിച്ചുപോക്കിന് എന്തൊക്കെ സൗകര്യങ്ങളും ക്രമീകരണങ്ങളുമാണ് ഈ സർക്കാർ നടപ്പിലാക്കിയതെന്നറിയിക്കുമോ?

(ഡി) ലോക്ക്ഡൗണിന്റെ മൂന്നാം ഘട്ടമാകുമ്പോൾ ഇതര സംസ്ഥാന തൊഴിലാളികൾക്ക് സ്വദേശത്തേക്ക് മടങ്ങുവാൻ ശ്രമിക് ട്രെയിനുകൾ അനുവദിച്ചുകൊണ്ട് ഉത്തരവായി. ലഭ്യമായ ട്രെയിൻ സൗകര്യത്തിൽ സ്വദേശത്തേക്ക് മടങ്ങാൻ ആഗ്രഹിക്കുന്ന എല്ലാവരെയും കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് നാട്ടിലെത്തിക്കുന്ന നടപടിയും ശ്രമകരമായ പ്രവർത്തനമായിരുന്നു. 4.34 ലക്ഷം തൊഴിലാളികളെ സംസ്ഥാനം / ജില്ല തലത്തിൽ ക്രോഡീകരിച്ച് അവരിൽ നിന്നും 307138 തൊഴിലാളികളെ 216 ട്രെയിനുകളിലായി സ്വദേശത്തേക്ക് മടക്കി അയയ്ക്കുന്നതിനുള്ള നടപടി വിജയകരമായി പൂർത്തീകരിച്ചു.

സെക്ഷൻ ഓഫീസർ